**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5310** — **23/05/2017-ൽ മറുപടിയ്ക്ക്**

# കാസർഗോഡ് ജില്ലയിലെ ഭവനരഹിതരുടെ എണ്ണം

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ ഭവനരഹിതരുടെ എണ്ണം എത്ര എന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവ തരംതിരിച്ച്, ലൈഫ് പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട് സർവ്വേ പൂർത്തീകരിച്ചതിനുശേഷമുള്ള വെരിഫിക്കേഷനും ഡാറ്റാ എൻട്രിയും അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയായാൽ മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം/വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയ ഭവന പദ്ധതി (LIFE) പ്രകാരം ആനുകൂല്യം അനുവദിച്ചു തുടങ്ങിയിട്ടില്ല എന്നാൽ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിൽ ജില്ലയിലെ ആറ് ബ്ലോക്ക് പഞ്ചായത്തുകളിലുമായി 463 വീടുകൾ അനുവദിച്ചിട്ടുണ്ട് |
| (ബി) | ഗുണഭോക്താക്കൾക്ക് ഇനിയും കുടിശ്ശിക നൽകാൻ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ലൈഫ് പദ്ധതിയിൻ കീഴിൽ ധനസഹായം വിതരണം ചെയ്തിട്ടില്ല. 2011-12 മുതൽ 2015-16 വരെ IAY പദ്ധതിയിൽ സംസ്ഥാന സർക്കാർ നൽകാനുള്ള 3,76,61,917/- രൂപ കുടിശ്ശികയായി നൽകാനുണ്ട് |
| (സി) | ഇവ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കമോ? | (സി) | കുടിശ്ശിക തുക ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ